എ8/150/16

## സർക്കുലർ നമ്പർ. 2/16 തീയതി : 07/01/2016

വിഷയം: കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് - ക്ഷേമനിധി വിഹിതം കുടിശ്ശിക വരുത്തി മരണമടഞ്ഞ തൊഴിലാളികളുടെ അനന്തരാവകാശി / നോമിനികൾക്ക് കുടിശ്ശികവിഹിതം അടച്ചശേഷം മരണാനന്തരധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന: 22/05/14 തീയതിയിലെ എ8/6238/11 നമ്പർ സർക്കുലർ

സൂചന ഒന്നിലെ സർക്കുലർ പ്രകാരം ക്ഷേമനിധിയിൽ അംഗമായിരിക്കെ മരണമടഞ്ഞിട്ടുള്ള തൊഴിലാളികൾക്ക് മരണം സംഭവിക്കുന്ന സാമ്പത്തിക വർഷം തൊഴിലാളി വിഹിതം കുടിശ്ശിക വരുത്തിയിട്ടുണ്ടെങ്കിൽ ആയത് അടച്ച ശേഷം മരണാനന്തരധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിരുന്നു. പല അപേക്ഷകളും സാമ്പത്തിക വർഷത്തിന് മുമ്പ് കുടിശ്ശികയുള്ളതായി കാണുന്നു. അയതിനാൽ തൊഴിലാളി മരണമടഞ്ഞ മാസത്തിന് തൊട്ട് മുൻപുള്ള 12 മാസം വരെ കുടിശ്ശിക വരുത്തിയ തൊഴിലാളികൾക്ക് അവരുടെ കുടിശ്ശികവിഹിതം നോമിനിയെക്കൊണ്ട് അടപ്പിച്ച ശേഷം മരണാനന്തരധനസഹായം അനുവദിക്കുന്നതാണ്. അതിനായി മരണം സംഭവിച്ച തൊഴിലാളികൾക്ക് 12 മാസം വരെ കുടിശ്ശിക ഉള്ള പക്ഷം അപേക്ഷകളിൽ മേൽസർക്കുലർ നിർദ്ദേശ പ്രകാരം തീരുമാനം കൈക്കൊള്ളേണ്ടതും സൂചന (1) സർക്കുലർ ഇതിനാൽ റദ്ദ് ചെയ്യുന്ന വിവരവും അറിയിക്കുന്നു.

ചീഫ് എക്സിക്യൂട്ടീവ് ആഫീസർ